**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ (i/c) നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അമീന ഒ കെ, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. DMOH-MLPM/1779/2023-A1 തീയതി 04.10.2023

2. കാരണം കാണിക്കൽ നോട്ടീസ് നം DHS/21044/2023-EA4 തീയതി 16.12.2024

3. ഡോ അമീന ഒ കെ സമർപ്പിച്ച അപേക്ഷ തീയതി. 03.01.2025

**ഉത്തരവ് നം. DHS/21044/2023-EA4 തീയതി.27-12-2025**

ഡോ അമീന ഒ കെ (Dr Ameena O K, PEN 804092), 01.06.2017 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. മലപ്പുറം താനാളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 24.04.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തു. പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. പ്രൊബേഷൻ ഡിക്ലയർ ചെയ്തു ലഭിക്കേണ്ട തീയതിയ്ക്കു ശേഷം അവധി അപേക്ഷ സമർപ്പിച്ചാണ് ഓഫീസിൽ നിന്നും

വിട്ടു നിന്നിട്ടുള്ളതെന്നും അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതല്ലെന്നും, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ കാലാവധി പൂർത്തിയാക്കുകയും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചതിനാലും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ലഭിക്കുമെന്ന ഉത്തമ വിശ്വാസത്തിലുമാണ് അവധി അപേക്ഷ സമർപ്പിക്കാനും അവധിയിൽ പ്രവേശിക്കുവാനും ഇടയായതെന്നും ശൂന്യവേതനാവധിയ്ക്ക് സമർപ്പിച്ച അപേക്ഷ നിരസിച്ചതായ അറിയിപ്പ് ലഭിച്ചിരുന്നില്ലെന്നും അതിനാൽ അവധി അപേക്ഷ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നുമാണ് പരാമർശം (3) ലെ അപേക്ഷയിൽ ഡോ അമീന ഒ കെ യുടെ വാദഗതി .

ഡോ അമീന ഒ കെ സമർപ്പിച്ച മറുപടി വിശദമായി പരിശോധിച്ചു. ഡോ അമീന ഒ കെ സമർപ്പിച്ച അവധി അപേക്ഷ നം **N- Dis A1/7231/23/DMO (H) MPM dtd 6/23** പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ മടക്കിയിട്ടുള്ളതാണ്. തിരികെ ജോലിയിൽ പ്രവേശിക്കണമെന്നുള്ള അറിയിപ്പ് **14.07.2023** ലെ കത്ത് നം **122/23/MO FHC Tanalur** പ്രകാരം ഡോ അമീന ഒ കെയുടെ മേൽ വിലാസത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. ആയതിനാൽ അവധി അപേക്ഷ നിരസിച്ചതായുള്ള യാതൊരു വിധ അറിയിപ്പും ലഭിച്ചിട്ടില്ലെന്ന ടിയാളുടെ വാദം അംഗീകരിക്കുവാൻ കഴിയുകയില്ല. അവധി അനുവദിച്ച് ഉത്തരവാകാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ഡോ അമീന ഒ കെ യുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ഡോ അമീന ഒ കെ സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിനും അവധി അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതിനും കഴിയുകയില്ല. ടി സാഹചര്യത്തിൽ **24.04.2023** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അമീന ഒ കെ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ്

റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ അമീന ഒ കെ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Meenakshy V
Date: 27-12-2025 08:24:40

ആരോഗ്യ വകുപ്പ് ഡയറക്ടർ I/C

സ്വീകർത്താവ്,

ഡോ അമീന ഒ കെ,
സഫലം ഹൗസ്, കൊടുവള്ളി (പിഒ),
കോഴിക്കോട്.

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
മലപ്പുറം
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
കുടുംബാരോഗ്യ കേന്ദ്രം താനാളൂർ, മലപ്പുറം.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ